**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 518** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.ഇ.ബി.എൽ. കൈവരിച്ച പ്രവർത്തന ലാഭം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** 2021-22, 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിൽ കെ.എസ്.ഇ.ബി.എൽ. കൈവരിച്ച പ്രവർത്തന ലാഭം എത്ര കോടി രൂപയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** **<u>കെ.എസ്.ഇ.ബി.എൽ.</u>**

2021-22 സാമ്പത്തിക വർഷത്തിൽ ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന ലാഭം 736.27 കോടി രൂപയാണ്.

2022-23 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് ചെയ്ത കണക്കുകൾ അനുസരിച്ച് കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന നഷ്ടം 1023.02 കോടി രൂപയാണ്. പ്രസ്തുത തുകയുടെ 75% ആയ 767.72 കോടി രൂപ additional borrowing scheme-ന്റെ ഭാഗമായി കേരള സർക്കാർ 2023-24-ൽ ഏറ്റെടുത്തിട്ടുണ്ട്.

2023-24-ലെ ഓഡിറ്റ് ചെയ്ത കണക്കുകൾ അനുസരിച്ച് കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന ലാഭം മുകളിൽ പ്രസ്താവിച്ച 767.72 കോടി രൂപ ഉൾപ്പെടെ 218.51 കോടി രൂപയാണ്. സർക്കാർ ഏറ്റെടുത്ത തുക ഒഴിവാക്കിയാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രസ്തുത വർഷത്തിലെ നഷ്ടം 549.21 കോടി രൂപയാണ് (767.72-218.51). പ്രസ്തുത തുകയുടെ 90% (494.29 കോടി) Additional borrowing scheme-ന്റെ ഭാഗമായി കേരള സർക്കാർ, 2024-25 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്തിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ ഓഡിറ്റ് ചെയ്ത കണക്കുകൾ അനുസരിച്ച് കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന ലാഭം മുകളിൽ പറഞ്ഞിരിക്കുന്ന സർക്കാർ ഏറ്റെടുത്ത തുകയായ 494.29 കോടി രൂപ ഉൾപ്പെടെയാണ്. പ്രസ്തുത തുക ഉൾപ്പെടുത്താതെയുള്ള പ്രവർത്തന ലാഭം 76.94 കോടി രൂപയാണ്.

**(ബി)** കേരള ഹൈഡൽ ടൂറിസം സെന്റർ ബാധ്യതകൾ തീർത്ത് പ്രതിവർഷം എത്ര കോടി രൂപയുടെ വരുമാനത്തിലേക്ക് ഉയർന്നുവെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** **<u>കേരള ഹൈഡൽ ടൂറിസം സെന്റർ</u>**

മുൻ വർഷങ്ങളിൽ സർക്കാരിലേക്ക് അടയ്ക്കേണ്ട നിയമ പരമായ ബാധ്യതകൾ അടയ്ക്കാത്തതിനെത്തുടർന്ന് 2014-15 സാമ്പത്തിക വർഷം മുതൽ 2019-20 വരെയുള്ള ബാധ്യതകൾ മുതലും പലിശ സഹിതം 13,20,47,272/- രൂപ അടക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്ന് ഹൈഡൽ ടൂറിസത്തിന് നോട്ടീസ് ലഭിച്ചിരുന്നു.

ഹൈഡൽ ടൂറിസത്തിൽ മേൽ ബാധ്യതകൾ തീർക്കുന്നതിനുള്ള തുക നീക്കിയിരുപ്പ് ഇല്ലാതിരുന്നതിനാലും ജീവനക്കാർക്കുള്ള ശമ്പളംപോലും മുടങ്ങും എന്ന സാഹചര്യം ഉണ്ടായതിനാലും 23.03.2021-ൽ കെ.എസ്.ഇ.ബി.എൽ.-ൽ നിന്നും 11.5% പലിശയക്ക് 7 കോടി രൂപ വായ്പയായി എടുത്തു. ബാക്കി തുക കൃത്യമായ സാമ്പത്തിക അച്ചടക്കത്തിലൂടെയുള്ള പ്രവർത്തനത്തിലൂടെ പ്രവർത്തന മിച്ചം ഉണ്ടാക്കി വിവിധ ഗഡുക്കളായി ബന്ധപ്പെട്ട വകുപ്പുകളിൽ 2024-25 സാമ്പത്തിക വർഷത്തോടെ അടച്ചു തീർത്തു. കെ.എസ്.ഇ.ബി.എൽ.-ൽ നിന്ന് എടുത്ത വായ്പ്പ പലിശ സഹിതം 2 വർഷം കൊണ്ട് 2023 മാർച്ചിൽ അടച്ചുതീർത്തു. നിലവിൽ ഹൈഡൽ ടൂറിസത്തിന് ബാധ്യതകൾ ഉള്ളതായി ഒരു വകുപ്പുകളിൽ നിന്നും നോട്ടീസ് ലഭിച്ചിട്ടില്ല. കൃത്യമായി നികുതി അടയ്ക്കുന്നതിന് 2021-22 മുതൽ ഹൈഡൽ ടൂറിസത്തിന് ഗവൺമെന്റ് ഓഫ് ഇന്ത്യ ഫിനാൻസ് മന്ത്രാലയത്തിന്റെ അപ്രീസിയേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നുണ്ട്.

കഴിഞ്ഞ 4 സാമ്പത്തിക വർഷങ്ങളിലായി ഹൈഡൽ ടൂറിസത്തിന്റെ പ്രവർത്തന വരുമാനം 24.50 കോടിക്ക് മുകളിൽ എത്തിയിട്ടുണ്ട്. 2023-24 ൽ 25.68 കോടിവരെ വരുമാനം ഉണ്ടായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**